മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നം.363/AD A5/4/എ ഡി എ 5/AD A 5 തീയതി: 11.01.2023

## വിജ്ഞാപനം

**സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റിയിൽ ടെക്നിക്കൽ അസിസ്റ്റന്റ് (താൽക്കാലിക കരാർ നിയമനം )**

മഹാത്മാഗാന്ധി സർവകലാശാലയിലെ സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റിയിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ മൂന്നു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ (ഓരോ വർഷാന്ത്യത്തിലും നടത്തപ്പെടുന്ന പ്രകടന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർ വർഷങ്ങളിലെ നിയോഗം) താൽകാലിക നിയോഗം നടത്തുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ഒഴിവ് :- 1, ഈഴവ/ബില്ലവ/തീയ്യ (ടി വിഭാഗത്തിന്റെ അഭാവത്തിൽ മറ്റു പിന്നോക്ക വിഭാഗം/ ജനറൽ വിഭാഗം ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്)

യോഗ്യത :- കെമിസ്ട്രിയിൽ ഫസ്റ്റ് ക്ലാസ്സോടു കൂടിയ ബിരുദാനന്തര ബിരുദവും, Confocal Raman Microscope with AFM കൈകാര്യം ചെയ്തു രണ്ടു വർഷം പ്രവൃത്തി പരിചയവും

വേതനം :- പ്രതിമാസം ₹ 30,000/- (മുപ്പതിനായിരം രൂപ) സഞ്ചിത നിരക്കിൽ

പ്രായ പരിധി :- 01.01.2023 -ൽ 36 വയസ്സ് കവിയരുത്(സംവരണ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കുന്നതാണ്)

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സർവ്വകലാശാലാ വെബ്സൈറ്റിൽ വിജ്ഞാപനത്തോടൊപ്പം ചേർത്തിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, പ്രായം (എസ്.എസ്.എൽ.സി), വിദ്യാഭ്യാസ യോഗ്യത (ബിരുദാനന്തര ബിരുദ മാർക്ക് ലിസ്റ്റുകളും, സർട്ടിഫിക്കറ്റുകളും), വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന യോഗ്യത, പ്രവൃത്തി പരിചയം, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **2023 ജനുവരി 20, വൈകിട്ട് 5 മണി**ക്ക് മുമ്പ് ലഭിക്കത്തക്ക വിധം **ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണ വിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി. ഒ., കോട്ടയം 686560** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ "ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക കരാർ നിയമനത്തിനുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തിയിരിക്കണം. അപേക്ഷകളുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷം യോഗ്യരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. അഭിമുഖത്തിന്റെ തീയതി, സമയം എന്നിവ പിന്നീട് അറിയിക്കുന്നതാണ്.

മേൽപറഞ്ഞ തിയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി ടി താൽക്കാലിക നിയമനം സംബന്ധിച്ച് ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1. പബ്ലിക് റിലേഷൻസ് ഓഫീസർ
2. നോട്ടീസ് ബോർഡ്
3. സർവ്വകലാശാലാ വെബ്സൈറ്റ്

Draft #52 of File 363/AD A5/4/2020/AD A 5 Approved by Registrar on 11-Jan-2023 08:42 PM - Page 1